അടിയന്തര പ്രമേയം

## കടകംപള്ളി-കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ്

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ സലിംരാജ് പ്രതിയായ കടകംപള്ളി-കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ് അന്വേഷിക്കുന്നതിന് സഹായിക്കുന്നില്ലെന്ന് കാണിച്ച് സർക്കാരിനെതിരെ സി.ബി.ഐ. ഹൈക്കോടതിയിൽ ഹർജി നൽകേണ്ടി വന്ന സാഹചര്യവും സി.ബി.ഐ.ക്ക് അവർ ആവശ്യപ്പെട്ട ഉദ്യോഗസ്ഥരെയും സൗകര്യങ്ങളും നൽകാതെ അന്വേഷണം അട്ടിമറിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷവും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ശിവൻകുട്ടി, വി. എസ്. സുനിൽകുമാർ, മാത്യൂ.റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി(ശ്രീ. ഉമ്മൻചാണ്ടി): സർ, സി.ബി.ഐ. ഏറ്റെടുത്ത കടകംപള്ളി-കളമശ്ശേരി കേസ്സിൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാവശ്യപ്പെട്ട് അവർ മൂന്ന് കത്തുകൾ ഗവൺമെന്റിന് തന്നിരുന്നു. ആദ്യത്തെ കത്ത് 25-04-2014-നും രണ്ടാമത്തെ കത്ത് 23-5-2014-നും മൂന്നാമത്തേത് 02-06-2014-നുമാണ് ലഭിച്ചത്. പോലീസ്, രജിസ്ട്രേഷൻ, റവന്യൂ, പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളിൽനിന്നും വിവിധ തരത്തിലുള്ള സേവനങ്ങളും സൗകര്യങ്ങളുമാണ് അവർ ആവശ്യപ്പെട്ടത്. അവർ ചോദിച്ച എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ചെയ്തുകൊടുത്തു.

20-06-2014-ൽ സി.ബി.ഐ.-യുടെ റീട്ടെയിനർ കൗൺസിൽ ഹൈക്കോടതി രജിസ്ട്രാർക്ക് ഒരു അപേക്ഷ നൽകി. അത് ഇതുവരെ ഹൈക്കോടതിയുടെ പരിഗണനയിൽ വന്നിരുന്നില്ല. ഇപ്പോൾ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് സി.ബി.ഐ.-യുടെ കൗൺസിൽതന്നെ അവർ കൊടുത്ത പെറ്റീഷൻ പിൻവലിച്ചിരിക്കുകയാണെന്നാണ്. ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിൽ ഇല്ലാത്ത ഒരു കാര്യമാണ് ഇന്ന് ഇവിടെ അടിയന്തിരപ്രമേയ മായി കൊണ്ടുവന്നിരിക്കുന്നത്. ചെയ്തുകൊടുക്കേണ്ടതായ എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്തുകൊടുത്തു. ആവശ്യപ്പെട്ടതിൽ ഏതെങ്കിലും ഒരു സൗകര്യം കിട്ടിയിട്ടില്ല എന്ന് ഗവൺമെന്റിനോ, പോലിസിനോ സി.ബി.ഐ.-യിൽ നിന്ന് ഇതുവരെ ഒരു കത്തും ലഭിച്ചിട്ടില്ല. അവർ നൽകിയ മൂന്ന് കത്തിനെക്കുറിച്ച് ഞാൻ പറഞ്ഞു, ഒരോ കത്തും പുതിയ പുതിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തന്നിട്ടുള്ളതാണ്. ഒരു കേസ് സി.ബി.ഐ.യെ ഏൽപ്പിച്ചുകഴിഞ്ഞാൽ അന്വേഷണത്തിനായി ഏതു വിധത്തിലുള്ള സപ്പോർട്ടും ചെയ്തുകൊടുക്കും, അതിനോട് പൂർണ്ണമായും എല്ലാ ഡിപ്പാർട്ടുമെന്റുകളും സഹകരിക്കും. ഓരോ കത്ത് ലഭിച്ചപ്പോഴും സ്വീകരിച്ച നടപടികളും അതിനായി ഇറക്കിയ ജി.ഒ.കളും ഡയറക്ഷൻസും പരിശോധിച്ചാൽ ഈ അന്വേഷണത്തോട് ഗവൺമെന്റ് എങ്ങിനെയാണ് പ്രതികരിച്ചത് എന്നുള്ളത് മനസ്സിലാക്കുവാൻ സാധിക്കും

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിര പ്രമേയത്തിന് ഈ സഭയിൽ പറഞ്ഞ മറുപടി തൃപ്തികരമല്ല എന്നുമാത്രമല്ല

വസ്തുതകൾക്ക് നിരക്കാത്തതുമാണ്. കേരളത്തിലും ദേശീയതലത്തിലും ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നാണ് കളമശ്ശേരി–കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്. ഈ കേസ്സിൽ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കാതിരുന്ന അവസരത്തിലാണ് ബഹുമാനപ്പെട്ട കോടതി ഇടപെട്ട് സി.ബി.ഐ.യെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയത്. ഈ കേസ്സിന്റെ തുടക്കം മുതൽ ഇന്ന് ഈ സഭയിൽ സംസാരിക്കുന്നതുവരെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ, സലിം രാജിനും ഭൂമി തട്ടിപ്പുകാർക്കും അനുകൂലമായി തീരുമാനങ്ങൾ വരുന്നതിനുവേണ്ടി മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും എല്ലാ നിലയിലും സ്വാധീനങ്ങൾ ചെലുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കാം. ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. ഏറ്റവും ഒടുവിൽ, ഹൈക്കോടതിയിൽ സി.ബി.ഐ. ഒരു പെറ്റീഷൻ സമർപ്പിച്ചു. Petition filed by the Standing Council, CBI. Rule 150 of the Rules of the High Court of Kerala; Article 226 of the Constitution of India പ്രകാരം സമർപ്പിച്ചിട്ടുള്ള പെറ്റീഷനിൽ പറയുന്നത്, State is not promptly providing full infrastructure facility to the CBI for the period upto, for the completion of the investigation by CBI in the above case. Therefore, I humbly pray the Honourble Court, be please to direct the State of Kerala to provide full and adequate infrastructure facilities to the CBI in the completion of the investigation of the above case. കോടതിയിൽ സി.ബി.ഐ. സമർപ്പിച്ച ഈ പരാതിയുടെ പകർപ്പ് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയാണ്. മുഖ്യമന്ത്രിയുടെ ഗൺമാൻ സലീം രാജ് പ്രതിയായ കടകംപള്ളി – കളമശ്ശേരി

ഭൂമി തട്ടിപ്പ് കേസ്സ് അന്വേഷിക്കുന്നതിന് സർക്കാർ സഹായിക്കുന്നില്ല എന്നു കാണിച്ച് സി.ബി.ഐ. സമർപ്പിച്ചിരിക്കുന്ന ഈ പെറ്റീഷൻ അതീവ ഗൗരവമുള്ള വിഷയമാണ്. കടകംപള്ളി ഭൂമി തട്ടിപ്പു കേസ്സുമായി ബന്ധപ്പെട്ട സി.ബി.ഐ. അന്വേഷണം മരവിപ്പിക്കുന്നതിനും അട്ടിമറിക്കുന്നതിനും ഗവൺമെന്റ് ശ്രമിക്കുകയാണ്. ഈ കേസ്സിൽ നിഷ്പക്ഷമായ അന്വേഷണം നടത്തുവാൻ സർക്കാരിനാകില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ നേരത്തേ പ്രഖ്യാപിച്ചിരുന്നു. കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്സിൽ, ഹൈക്കോടതിയിൽ സി.ബി.ഐ. സമർപ്പിച്ച കുറ്റപത്രത്തിൽ മുഖ്യമന്ത്രിയുടെ വിശ്വസ്തനും മുൻഗൺമാനുമായ സലീം രാജ് അടക്കമുള്ളവർ പ്രതികളാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി തയ്യാറാക്കിയ കടകംപള്ളി ഭൂമി തട്ടിപ്പുകേസ്സിനെ സംബന്ധിച്ച റിപ്പോർട്ട്, കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ഈ സഭയുടെ മേശപ്പുറത്ത് വച്ചതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു വില്ലേജ് ഓഫീസറുടെ പേരിൽ മാത്രമാണ് നടപടിയെടുത്തത്. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മറ്റ് റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പേരിലോ, സലീം രാജിന് എതിരെയോ ഒരു നടപടിയും സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറായിട്ടില്ല. കടകംപള്ളി വില്ലേജ് ഓഫീസർ ഉൾപ്പെടെ 27 പേരാണ് സി.ബി.ഐ. സമർപ്പിച്ചിട്ടുള്ള എഫ്.ഐ.ആർ–ൽ ഉൾപ്പെട്ടിട്ടുള്ളത്. ഭൂമി തട്ടിപ്പിനിരയായവർ ഹൈക്കോടതിയെ സമീപിച്ചു. അതിനെത്തുടർന്നാണ് സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടത്. ഹൈക്കോടതിയുടെ പ്രസ്തുത വിധിന്യായത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ അതിരൂക്ഷമായി വിമർശിച്ചിരുന്നു. കടകംപള്ളിയിൽ 450 കോടി രൂപയിലധികം വില

വരുന്ന 44.5 ഏക്കർ ഭൂമി 3587 എന്ന വ്യാജ തണ്ടപ്പേർ ഉണ്ടാക്കി സലീം രാജും സംഘവും തട്ടിയെടുത്തതായുള്ള വിജിലൻസ് റിപ്പോർട്ടാണ് എന്റെ കയ്യിലുള്ളത്. ഇതിന്മേലും ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ റിപ്പോർട്ടും ഞാൻ സഭയുടെ മേശപ്പുറത്ത് വക്കുകയാണ്. അങ്ങ് അൻപത് വർഷക്കാലമായി രാഷ്ട്രീയരംഗത്ത് നിൽക്കുന്ന ഒരാളല്ലെ; അങ്ങ് വ്യാജ തണ്ടപ്പേർ രജിസ്റ്റർ കണ്ടിട്ടുണ്ടോ? സലീംരാജ് തയ്യാറാക്കിയ നമ്പർ. 3587 എന്ന വ്യാജ തണ്ടപ്പേർ രജിസ്റ്ററിന്റെ കോപ്പി ഞാൻ കൊണ്ടുവന്നിട്ടുണ്ട്, അത് സഭയുടെ മേശപ്പുറത്ത് വക്കുകയാണ്. ഇരുന്നൂറിലേറെ കുടുംബങ്ങൾക്ക് തലമുറകളായി അവകാശമുള്ള ഭൂമിയാണ് തട്ടിയെടുത്തിരിക്കുന്നത്. ഭൂമി തട്ടിപ്പിനിരയായവരുടെ മാത്രമല്ല കടകംപള്ളി വില്ലേജ് പരിധിയിലെ മുഴുവൻ ആളുകളുടെയും ഭൂനികുതി സ്വീകരിക്കുന്നില്ല. കടകംപള്ളി വില്ലേജിലുള്ള ആരുടേയും ഭൂനികുതി സ്വീകരിക്കേണ്ടതില്ലെന്നും ആർക്കെങ്കിലും നികുതി അടക്കണമെന്നുണ്ടെങ്കിൽ അവർ കോടതിയെ സമീപിക്കട്ടെയെന്നും അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ഉപദേശം കൊടുത്തിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് ഈ ഉപദേശം നൽകിയത്. അഡ്വക്കേറ്റ് ജനറൽ ജില്ലാകളക്ടർക്കുകൊടുത്ത പ്രസ്തുത കത്തിന്റെ കോപ്പി ഞാൻ സഭയുടെ മേശപ്പുറത്ത് വക്കുകയാണ്. ഇത് എല്ലാം രേഖയാണ്.

മി.സ്പീക്കർ: അതെല്ലാം ചെയർ പരിശോധിക്കും.

കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ് ലോക്കൽ പോലീസിൽനിന്നും സി.ബി. ഐ.യുടെ തിരുവനന്തപുരം യൂണിറ്റ് ഏറ്റെടുത്താണ് എറണാകുളം സി.ജെ.

എം. കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചത്. ഈ കേസ്സിലെ പ്രധാനകണ്ണി യായ സലിംരാജിനെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താത്തത് മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ശക്തമായ ഇടപെടൽ കാരണമാണ്. കടകംപള്ളിയിൽ സലിം രാജിന്റെ ഭൂമി തട്ടിപ്പിന് ഇരയായവരിൽനിന്ന് ഭൂനികുതി സ്വീകരിക്കേണ്ടതി ല്ലെന്ന അഡ്വക്കേറ്റ് ജനറലിന്റെ നിലപാടിനുപിന്നിൽ മുഖ്യമന്ത്രിയുടെ ഓഫീസാണെന്ന കാര്യം ഞാൻ നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. നികുതിയടക്കണമെന്നുള്ളവർ കോടതിയെ സമീപിക്കണമെന്ന ഒരു ലീഗൽ അഡ്വൈസ് നൽകാനുള്ള ധൈര്യം എ.ജി.ക്ക് എവിടെനിന്നും കിട്ടിയെന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം. സലിംരാജിന്റെ ടെലി ഫോൺ വിവരങ്ങൾ ശേഖരിക്കണമെന്നുള്ള ഹൈക്കോടതി നിർദ്ദേശമുണ്ടായ അന്നേദിവസംതന്നെ ഒരു മണിക്കൂറിനുള്ളിൽ അതിനെതിരെ അപ്പീൽ പോകാൻ അഡ്വക്കേറ്റ് ജനറൽ തീരുമാനമെടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണെന്നുള്ള കാര്യവും ഇവിടെ ഉന്നയിക്കുകയാണ്. മാത്രമല്ല 20–09–2013–ൽ, 'ഇതെന്തൊരു ജനാധിപത്യം; സലിംരാജാണോ കേരളത്തിലെ മുഖ്യമന്ത്രി;' എന്ന് ബഹുമാ നപ്പെട്ട ഹൈക്കോടതി തന്നെ ചോദിച്ചിരിക്കുകയാണ്. കോടതിയെന്നു പറഞ്ഞാൽ ഈ കോൺഗ്രസ്സുകാർ കരയും.

മി. സ്പീക്കർ: കോടതിയിൽ പലതും പറയും, അതെല്ലാം ഇവിടെ ചർച്ച ചെയ്യാൻ പറ്റില്ല. കോടതിയിൽ അങ്ങനെ പല വിഷയങ്ങളും പറയുന്നുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, കോടതിയിൽ പറയുന്നതൊന്നും ഇവിടെ പറയാൻ പാടില്ലെന്നുണ്ടോ? ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ചോദ്യത്തി നുള്ള മറുപടി മുഖ്യമന്ത്രി പറയണം. മുഖ്യമന്ത്രിയുടെ മുൻ ഗൺമാൻ സലിം

രാജ് മുഖ്യമന്ത്രിയായിട്ടാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് ഹൈക്കോടതി വിമർശിച്ചു. രണ്ട് വർഷക്കാലത്തിലേറെയായി നിയമസഭ യ്ക്കകത്തും പുറത്തും കോടതികളിലുമെല്ലാം ഈ പ്രശ്നം നിലനിൽക്കുക യാണ്. എന്നിട്ടും ഈ കുറ്റവാളികളെ രക്ഷിക്കുന്നതിനുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സലിംരാജിന്റെ ഭൂമി തട്ടിപ്പിനിര യായി കോടതിയെ സമീപിച്ച എ. കെ. നാസർ ക്രൈം ബ്രാഞ്ചിന് നൽകിയ പരാതിയിൽ, അദ്ദേഹത്തെ മുഖ്യമന്ത്രി ഭീഷണിപ്പെടുത്തിയെന്നാണ് പറഞ്ഞി രിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നടന്ന കടകംപള്ളി ഭൂമി തട്ടിപ്പ് കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന് WP(c) No.19462/2013 ഉത്തരവുപ്രകാരമാണ് കോടതി ഉത്തരവിട്ടത്. അങ്ങനെ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതിൽ കാര്യമുണ്ട്. ഇക്കാര്യങ്ങൾ ഈ നിയമസഭ അറിയേണ്ടതല്ലേ;. അതൊക്കെ ഞാൻ ബഹുമാനപ്പെട്ട ചെയറിന് എഴുതി തന്നിട്ടുണ്ടല്ലോ. അതൊരു വിധിന്യായമാണ്, അങ്ങനെയില്ലെന്ന് പറയാൻ കഴിയുമോ? ഇതെല്ലാം കേരള ജനതയെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ്. ക്രിമിനൽ ആക്ടിവിറ്റീസിന് മുഖ്യമന്ത്രിയുടെ ഓഫീസ് കൂട്ടുനിൽക്കു ന്നുവെന്നാണ് ഈ ഹൈക്കോടതി ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുള്ളത്. ഈ കേസ് അന്വേഷിക്കുന്ന സി.ബി.ഐ.യുടെ പ്രവർത്തനത്തിനാവശ്യമായ ഓഫീസോ, കമ്പ്യൂട്ടറോ, വാഹനമോ പോലും ഈ സർക്കാർ കൊടുത്തിട്ടില്ല. അവർ ഒരു സർക്കിൾ ഇൻസ്പെക്ടറെ ആവശ്യപ്പെട്ടെങ്കിലും കൊടുത്തില്ല. എന്നു മാത്രമല്ല, കഴിഞ്ഞ ദിവസം പ്രസന്നകുമാറിന്റെ കൊലപാതകം സംബന്ധിച്ച സബ്മിഷൻ ഞാൻ ഇവിടെ അവതരിപ്പിച്ചിരുന്നു. ഈ ഭൂമിതട്ടിപ്പിന്റെ എല്ലാ വിവരങ്ങളും അറിയാവുന്നയാളായിരുന്നു പ്രസന്നകുമാർ. അതുകൊണ്ടു

തന്നെ പ്രസന്നകുമാറിന്റെ കൊലപാതകത്തിൽ ദുരൂഹതയുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇത്രയും ഗൗരവതരമായൊരു വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സി.ബി.ഐ.ക്ക് സൗകര്യങ്ങൾ കൊടുത്തിട്ടില്ല എന്നുപറഞ്ഞ് ഹൈക്കോടതിയിൽ നൽകിയ ഒരു പരാതിയെ അടിസ്ഥാനമാക്കിയാണ് ബഹുമാനപ്പെട്ട വി. ശിവൻകുട്ടി ഇവിടെ സംസാരിച്ചത്. ചർച്ചയുടെ തുടക്കത്തിൽത്തന്നെ അങ്ങനെയൊരു പരാതി ഹൈക്കോടതിയുടെ മുമ്പിൽ ഇപ്പോൾ ഇല്ലെന്ന് ഞാൻ വ്യക്തമാക്കിക്കഴിഞ്ഞതാണ്. 20-06-2014-ന് ഹൈക്കോടതി രജിസ്ട്രാറുടെ മുമ്പിൽ ഇങ്ങനെയൊരു പരാതി കൊടുത്ത് മിനിട്ടുകൾക്കുള്ളിൽത്തന്നെ അത് ചാനലുകളിൽ ബ്രേക്കിംഗ് ന്യൂസായി വന്നു. ഓപ്പൺ കോർട്ടിൽ വരുന്നൊരു കാര്യമാണെങ്കിൽ പെട്ടെന്ന് വാർത്തയാകുന്നത് മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെ ബ്രേക്കിംഗ് ന്യൂസ് വന്നപ്പോഴാണ് സി.ബി.ഐ. ഉദ്യോഗസ്ഥന്മാർ പോലും ഇങ്ങനെയൊരു പെറ്റീഷൻ കൊടുത്ത വിവരം അറിയുന്നത്. അപ്പോൾത്തന്നെ നമ്മുടെ ഉദ്യോഗസ്ഥന്മാർ സി.ബി.ഐ.ഉദ്യോഗസ്ഥരെ വിളിച്ച് അവർ ആവശ്യപ്പെട്ടതിൽ ഏത് കാര്യമാണ് കിട്ടാത്തതെന്ന് ചോദിച്ചപ്പോൾ എല്ലാം കിട്ടിയെന്നാണ് അവർ പറഞ്ഞത്. അതിനെത്തുടർന്ന് ആ പരാതി അവർ പിൻവലിക്കുകയും ചെയ്തു. ഇപ്പോൾ അങ്ങനെയൊരു പെറ്റീഷൻ കോടതിയുടെ മുന്നിലില്ല. ശ്രീ. വി. ശിവൻകുട്ടിയോട് ഒരു കാര്യം പറയുന്നു, അങ്ങ് ഇത്രയും താൽപ്പര്യമെടുത്ത് ഈ വിഷയം സഭയിൽ ഉന്നയിച്ച സാഹചര്യത്തിൽ, വിവിധ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് അവർ ഗവൺമെന്റിന്

നൽകിയ മൂന്ന് കത്തിന്റെയും കോപ്പി അങ്ങേയ്ക്ക് തരാം. അങ്ങ് അതൊന്ന് പരിശോധിച്ച്, അതിൽ സി.ബി.ഐ. ആവശ്യപ്പെട്ടിട്ടും അവർക്ക് ലഭ്യമാക്കാത്ത കാര്യമെന്താണെന്ന് അറിയിച്ചാൽ ആ ദിവസം തന്നെ അതിനുള്ള നടപടിയുണ്ടാകും. അത് എനിക്കും ഒരു സഹായമാവും. കാരണം, ഇപ്പോൾ എന്നെ പ്രതിക്കൂട്ടിൽ നിറുത്തിക്കൊണ്ടാണല്ലോ ഈ കാര്യങ്ങളൊക്കെ പറയുന്നത്. എന്റെ കയ്യിൽ ഉദ്യോഗസ്ഥന്മാർ തന്ന വിവരങ്ങളാണുള്ളത്. അത് തെറ്റാണെങ്കിൽ എനിക്കും അത് അറിയാൻ സാധിക്കും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, സർക്കാരിന്റെ സഹായത്തിനുവേണ്ടി ആവശ്യപ്പെട്ട കൂട്ടത്തിൽ ഒരു വിജിലൻസ് സർക്കിൾ ഇൻസ്പെക്ടറുടെ സേവനം സി.ബി.ഐ. ആവശ്യപ്പെട്ടു. ആ സർക്കിൾ ഇൻസ്പെക്ടറെ ഇപ്പോൾ വിജിലൻസിൽ നിന്നും മാറ്റി. ഏറ്റവും പ്രധാനപ്പെട്ടതും തിരക്കുള്ളതുമായ ഒരു ലോക്കൽ പോലീസ് സ്റ്റേഷന്റെ സി.ഐ. ആയി നിശ്ചയിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് സി.ബി.ഐ.യെ സഹായിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയാണോ ഇത്തരമൊരു തീരുമാനമെടുത്തത്; നേരത്തെ വിജിലൻസിൽ കാര്യങ്ങൾ അന്വേഷിച്ചിട്ടുള്ള ഓഫീസറെ സഹായത്തിന് വേണമെന്ന് സി.ബി.ഐ. ആവശ്യപ്പെട്ടപ്പോൾ അത് കൊടുക്കാതിരുന്നത് എന്തുകൊണ്ടാണ്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അജിത് എന്നുപറയുന്ന സി.ഐ.-യുടെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത്. ശ്രീ. അജിത് തിരുവനന്തപുരത്താണ് ജോലി ചെയ്യുന്നത്. അദ്ദേഹത്തിന്റെ സേവനം തിരുവനന്തപുരത്താണ് സി.ബി.ഐ.യ്ക്ക് ആവശ്യം. സി.ബി.ഐ. ചോദിച്ചപ്പോഴെല്ലാം ശ്രീ. അജിത്തിന്റെ സേവനം കൊടുത്തിട്ടുണ്ട്, ഇനിയും

കൊടുക്കും, ഒരു സംശയവുമില്ല. അതുകൊണ്ട് ശ്രീ. വി. ശിവൻകുട്ടി, ഞാൻ വീണ്ടും ആവർത്തിക്കുന്നു, ഏതെങ്കിലും ഒരു കാര്യം നടന്നിട്ടില്ലെങ്കിൽ ആ കാര്യം പറയണം. .....(ബഹളം).....

ശ്രീ. വി. ശിവൻകുട്ടി: സർ, അവർ പറഞ്ഞാൽ ഞാൻ ഇരിക്കുമോ? ......(ബഹളം)........ഇരിക്കില്ല. ചെയറോ മുഖ്യമന്ത്രിയോ പറഞ്ഞാൽ കേൾക്കും. അങ്ങനെയൊന്നും വിരട്ടണ്ട. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... വെല്ലുവിളികളൊന്നും വേണ്ട. പ്ലീസ്.... പ്ലീസ്....

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞാൽ ഞാൻ ഇരിക്കും. മുഖ്യമന്ത്രി പറഞ്ഞാലും ഇരിക്കും. ......(ബഹളം)........

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. വി. ശിവൻകുട്ടി: സർ, മുഖ്യമന്ത്രി, സി.ബി.ഐ. എൻക്വയറി തുടങ്ങിയിട്ട് കുറച്ച് നാളുകളായല്ലോ; അങ്ങ് പറഞ്ഞതുപോലെ, 20-ാം തീയതിയാണ് അവർ ഹൈക്കോടതിയിൽ ഈ പരാതി കൊടുത്തിരിക്കുന്നത്. എന്തുകൊണ്ട് ഇത്രയും ദിവസം ഈ സഹായങ്ങൾ നൽകുന്നതിന് തയ്യാറായില്ല?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട ശിവൻകുട്ടി, ഞാൻ പറഞ്ഞല്ലോ, അവർ ആവശ്യപ്പെട്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. 25-04-2014-ലാണ് സി.ബി.ഐ. എസ്.പി., ഹോം ഡിപ്പാർട്ട്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള കത്തയയ്ക്കുന്നത്. തിരുവനന്തപുരത്തെയും എറണാകുളത്തെയും ടി.ബി.കളിൽ ഇവർക്ക് രണ്ട് മുറി വീതം കൊടുക്കണമെന്നുപറഞ്ഞ് അഡീഷണൽ

ചീഫ് സെക്രട്ടറി, ഹോം ഡിപ്പാർട്ട്മെന്റ് 12/05/2014-ന് പി.ഡബ്ല്യു.ഡി. സെക്രട്ടറിക്ക് കത്ത് കൊടുത്തു. 29/05/2014-ന് ഈ രണ്ട് മുറികളും സാങ്ഷൻ ചെയ്തുകൊണ്ട് പി.ഡബ്ല്യു.ഡി. ഒരു ജി.ഒ. ഇറക്കി (ജി.ഒ. നം.711/14 തീയതി 29/**05**/14). എറണാകുളം ടി.ബി.യിലെ റൂം നമ്പർ 101, 102 എന്നിവയാണ്. ജൂൺ 20-ാം തീയതി ഈ പരാതി കോടതിയിൽ നൽകുന്നതിനുമുമ്പേ സി.ബി.ഐ. ആ മുറികൾ ഓക്കുപ്പൈ ചെയ്തു കഴിഞ്ഞു. തിരുവനന്തപുരത്ത് 2 മുറികൾ അലോട്ട് ചെയ്ത് അവരെ അറിയിച്ചു, അവർ വന്ന് ആ മുറികൾ കണ്ടു. അവർക്ക് തൃപ്തിയായെന്നും ഉടനെ ഓക്കുപ്പൈ ചെയ്യുന്നതാണെന്നും പറഞ്ഞ് പോയി. ഇവർ ആവശ്യപ്പെട്ട ഒരു സൗകര്യം അതായിരുന്നു. മറ്റൊരാവശ്യം ഹോം ഡിപ്പാർട്ട്മെന്റിൽനിന്ന് ഉദ്യോഗസ്ഥന്മാരെയും വാഹനങ്ങളെയും വിട്ടുകൊടുക്കുന്നത് സംബന്ധിച്ചായിരുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി 12-5-2014-ന് തന്നെ ഡി.ജി.പി.ക്ക് ഡയറക്ഷൻ കൊടുത്തു. ഡി.ജി.പി. അതിനാവശ്യമായ നടപടികളെല്ലാം സ്വീകരിച്ച് 28-05-2014-ന് ഗവൺമെന്റിന് റിപ്പോർട്ട് ചെയ്തു. റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്നും ഡെപ്യൂട്ടി കളക്ടർ, ജൂനിയർ സൂപ്രണ്ട് എന്നിവരുടെ സഹായങ്ങളാണ് ചോദിച്ചത്. ആവശ്യപ്പെട്ട റവന്യൂ ഉദ്യോഗസ്ഥന്മാരെ വിട്ടുകൊടുത്തുകൊണ്ട് അതിലും നടപടിയെടുത്തു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽനിന്ന് അവർ ചോദിച്ചത് സുനിൽ കുമാർ, മാനന്തവാടി, വി.എം. ഉണ്ണി, ഡി.ഐ.ജി. എന്നീ രണ്ടുപേരെയാണ്. ആ രണ്ടുപേരെയും വിട്ടുകൊടുത്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. അവർ ചോദിച്ച എല്ലാ സൗകര്യങ്ങളും അവർക്ക് കൊടുത്തു. ഇങ്ങനെയൊരു പെറ്റീഷൻ കോടതിയിൽ

കൊടുക്കുന്നതിനുമുമ്പ് അവർ ചോദിച്ച ഏതെങ്കിലും സൗകര്യം നൽകിയിട്ടി ല്ലെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു കത്ത് ഗവൺമെന്റിന് കിട്ടിയിട്ടില്ല. സി.ബി. ഐ. ഉദ്യോഗസ്ഥരോട് എന്തെങ്കിലും സൗകര്യങ്ങൾ കിട്ടാനുണ്ടോ എന്ന് ചോദിച്ചപ്പോൾ ഒന്നും കിട്ടാനില്ലെന്ന് പറഞ്ഞു. ചാനലുകളിലെ ബ്രേക്കിംഗ് ന്യൂസ് കണ്ടറിഞ്ഞ സി.ബി.ഐ. ഉദ്യോഗസ്ഥർ തന്നെയാണ് അത് പിൻവലി ക്കുന്നതിന് അപേക്ഷ കൊടുത്തത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഹൈക്കോടതിയിൽ ഈ ഹർജി കൊടു ത്തത് ഞാനാണെന്നാണോ അങ്ങ് പറഞ്ഞുവരുന്നത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഹർജി നൽകിയത് ശ്രീ. വി. ശിവൻകുട്ടി ആയിരിക്കുമെന്ന് ഒരിക്കലും ഞാൻ പറഞ്ഞിട്ടില്ല. പക്ഷേ ആവശ്യപ്പെട്ട മുഴുവൻ സൗകര്യങ്ങൾ കൊടുക്കുകയും ഏതെങ്കിലും ഒന്ന് കിട്ടിയിട്ടില്ലെന്ന് പരാതിപ്പെടാതെയുമിരുന്ന സാഹചര്യത്തിൽ ഇങ്ങനെയൊരു പെറ്റീഷൻ കോടതിയിൽ കൊടുക്കുകയും 15 മിനിറ്റിനകം അത് ബ്രേക്കിംഗ് ന്യൂസാകു കയും ചെയ്തപ്പോൾ അതിനുപിന്നിൽ ആരെങ്കിലുമുണ്ടോയെന്ന് ഞാൻ സംശയിക്കുന്നു. പക്ഷേ അതുകൊണ്ടൊന്നും ഈ കേസിന്റെ കാര്യത്തിൽ ഒരു പ്രശ്നവുമുണ്ടാകില്ല. അങ്ങ് ഈ കേസിന്റെ മെറിറ്റിലേയ്ക്ക് കടന്ന് ചില കാര്യങ്ങൾ പറഞ്ഞു. ഈ കേസിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇത് പുതിയതായി ഉണ്ടായ കാര്യമൊന്നുമല്ല. 2006-ൽ നടന്ന സംഭവങ്ങളാണ്. അന്ന് 8 ജീവനക്കാരുടെ പേരിൽ നടപടിയെടുത്തു. നാലഞ്ച് വർഷത്തെ അന്വേഷണത്തിനുശേഷം, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഒരു കേസ് രജിസ്റ്റർ ചെയ്തു. അന്ന് ഇല്ലാതിരുന്ന ഒരു പ്രതിയുടെ പേര് പറഞ്ഞാണ് ഇപ്പോൾ നിങ്ങൾ പ്രശ്നങ്ങളുണ്ടാക്കുന്നത്. അഡ്വക്കേറ്റ് ജനറലിന്റെ കാര്യം

അങ്ങ് ഇവിടെ പറഞ്ഞു. അഡ്വക്കേറ്റ് ജനറൽ പറഞ്ഞത് എന്താണ്? – 'I am of the considered opinion that, unless and until a competent Court enters into a clear finding with regard to the title of the property, it may not be advisable to accept basic tax from anybody with respect to the above lands at this stage'. 19 സർവ്വേ നമ്പരുകളിലുള്ള, തണ്ടപ്പേർ തിരുത്തിയെന്ന് പറയപ്പെടുന്ന ഈ വിവാദപരമായ ഭൂമിയുടെ ടാക്സ് വാങ്ങരുതെന്ന് പറഞ്ഞത് തെറ്റാണോ; അത് വാങ്ങിക്കാമോ? ശിവൻകുട്ടി പറയുക.

ശ്രീ. വി. ശിവൻകുട്ടി: സർ, വിജിലൻസ് എൻക്വയറിയിലും മറ്റ് വിവിധ ഏജൻസികളുടെ അന്വേഷണത്തിലും ഈ നിയമസഭയിൽ വച്ചിട്ടുള്ള റിപ്പോർട്ടിലും ഈ തണ്ടപ്പേര് വ്യാജമാണെന്നും തിരിമറി നടന്നിട്ടുണ്ടെന്നും നേരത്തെ പറഞ്ഞ തണ്ടപ്പേരിലുള്ള ഈ കേസ് പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ അവരുടെ കയ്യിൽനിന്ന് ടാക്സ് വാങ്ങുന്നതിൽ ഒരു തെറ്റുമില്ല. കടകംപള്ളിയിലുള്ള വസ്തുവിന്റെ യഥാർത്ഥ ഉടമസ്ഥർ അവരാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: പ്രിയപ്പെട്ട ശിവൻകുട്ടി, ഇപ്പോൾ കാര്യം മനസ്സിലായി. അങ്ങനെയാണെങ്കിൽ ഈ അന്വേഷണവും കേസുമൊക്കെ എന്തിനാണ്? വിവാദപരമായ ആ ഭൂമിയുടെ മാത്രം ടാക്സ് പിടിക്കരുതെന്നാണ്. കളക്ടർ റഫർ ചെയ്തത് ഇതറിയാൻ വേണ്ടിയാണ്. അപ്പോൾ വളരെ ക്ലിയറായിട്ടുള്ള മറുപടി വന്നു – ഒരു കോംപീറ്റന്റ് കോർട്ട് പറയുന്നതു വരെ ഈ വിവാദഭൂമിയുടെ ടാക്സ് വാങ്ങരുത്. അതാണ് കളക്ടർക്ക് കിട്ടിയ അഡ്വൈസ്. കളക്ടർ അതനുസരിച്ചതിന് എ.ജി.യെ കുറ്റംപറയേണ്ട കാര്യമുണ്ടോ? എ.ജി. കറക്റ്റ് അഡ്വൈസാണ് കൊടുത്തിരിക്കുന്നത്. ഇത്രയും

വിവാദപരമായ, സി.ബി.ഐ. വരെ അന്വേഷിക്കുന്ന ആ കേസിൽ, തർക്കങ്ങൾ നിലനിൽക്കെ അവരുടെ കയ്യിൽനിന്ന് ടാക്സ് വാങ്ങിക്കണമെന്ന് പറയാൻ എ.ജി.-ക്ക് സാധിക്കുമോ? അതാണ് നടന്നിട്ടുള്ള കാര്യങ്ങൾ. ഈ കേസിന്റെ കാര്യത്തിൽ നിയമാനുസൃതമുള്ള നടപടികൾ മുമ്പോട്ട് പോകും. സി.ബി.ഐ.യ്ക്ക് വേണ്ട എല്ലാ സഹായങ്ങളും നൽകും. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരള ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു വെട്ടിപ്പാണ് കടകംപള്ളി ഭൂമി തട്ടിപ്പ്. ഇതിന്റെ സൂത്രധാരൻ മുഖ്യമന്ത്രിയുടെ ഗൺമാൻ അല്ല, ഗൺമോൻ സലിം രാജാണ്. ആസൂത്രണം നടന്നതാകട്ടെ മുഖ്യമന്ത്രിയുടെ ഓഫീസിലും. കേരളത്തെ ഞെട്ടിച്ച ഈ ഭൂമി തട്ടിപ്പിൽ സലിം രാജിനെ രക്ഷിക്കാനാണ് മുഖ്യമന്ത്രി എന്നും ശ്രമിച്ചിട്ടുള്ളത്. നേരത്തെ സോളാർ അഴിമതിക്കേസ്സിലും ഈ ഗൺമാന്റെ കൈകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇയാൾക്കെതിരെ ഒരു നിയമനടപടിയുമെടുക്കാൻ മുഖ്യമന്ത്രി തയ്യാറായില്ല. ഒടുവിൽ പട്ടാപ്പകൽ ഒരു യുവതിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ നാട്ടുകാർ പിടികൂടിയാണ് ഇയാളെ പോലീസിൽ ഏൽപ്പിച്ചത്. എപ്പോഴും ഇയാൾക്ക് മുഖ്യമന്ത്രിയുടെ സംരക്ഷണമുണ്ട്. ഭൂമി തട്ടിപ്പുക്കേസ്സിൽ സലിം രാജിന്റെ ഫോൺ കോൾ ലിസ്റ്റ് ഹാജരാക്കണമെന്ന് ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിച്ച കാര്യം അങ്ങേയ്ക്കുമറിയില്ലേ. അപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി എന്താണ്

ചെയ്തത്? സിംഗിൾ ബെഞ്ച് വിധി സ്റ്റേ ചെയ്യിക്കാൻ മണിക്കൂറുകൾക്കുള്ളിൽ അഡ്വക്കേറ്റ് ജനറലിനെ ഡിവിഷൻ ബെഞ്ചിനുമുന്നിൽ പറഞ്ഞയച്ചില്ലേ? അങ്ങനെ സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് സ്റ്റേ ചെയ്യിച്ചില്ലേ? എന്തിനാണ് മുഖ്യ മന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇത്ര തിടുക്കംകാട്ടി ആ വ്യക്തിക്കുവേണ്ടി നമ്മുടെ ഭരണഘടനാസ്ഥാപനമായ എ.ജി.-യെ ഉപയോഗിച്ചത്? മുഖ്യമന്ത്രിയുടെ പേരുകൂടി ഈ കേസ്സുമായി ബന്ധപ്പെട്ട് ഉയർന്നുവരുമെന്നുള്ള ഭീതി കൊണ്ടല്ലേ ശ്രീ. ഉമ്മൻ ചാണ്ടി ഇത്ര അതിവേഗം കാട്ടിയത്. സ്വന്തം വിയർപ്പൊഴുക്കി പാവപ്പെട്ട ആളുകൾ സ്വന്തമാക്കിയ ഭൂമി ഈ തട്ടിപ്പുകാരൻ തട്ടിയെടുത്തപ്പോൾ, സർക്കാരിൽനിന്ന് ഒരുതരത്തിലുള്ള നീതിയും ലഭിക്കാതെ വന്നപ്പോഴാണ് അവർ ഹൈക്കോടതിയെ ശരണം പ്രാപിച്ചത്. ആ പാവപ്പെട്ടവർക്ക് നീതി ലഭിക്കാതിരിക്കാൻ ഈ സർക്കാർ എന്തെല്ലാം വൃത്തി കെട്ട കളികളാണ് നടത്തിയത്. എന്നിട്ടും ബഹുമാനപ്പെട്ട ഹൈക്കോടതി അവർക്ക് നീതി നൽകി. അങ്ങനെയല്ലേ സി.ബി.ഐ. അന്വേഷണം വന്നത്. ഭൂമി നഷ്ടപ്പെട്ടവരുടെ കരം സ്വീകരിക്കരുതെന്ന് എ.ജി.-യെക്കൊണ്ടും റവന്യൂ വകുപ്പുമന്ത്രിയെക്കൊണ്ടും ഈ സർക്കാർ പറയിച്ചില്ലേ. കരം സ്വീകരി ക്കരുതെന്ന് ഏതെങ്കിലും കോടതി വിധിച്ചിട്ടുണ്ടോ? തിരുവനന്തപുരം കളക്ടർ കരം സ്വീകരിക്കാൻ തടസമില്ലെന്ന് എന്നോട് നേരിട്ട് പറഞ്ഞതാണ്. അപ്പോഴാണ് റവന്യൂ വകുപ്പുമന്ത്രി ഇടപെട്ട് അത് തടഞ്ഞത്. ഇതൊക്കെ എന്താണ് സൂചിപ്പിക്കുന്നത? സി.ബി.ഐ. അന്വേഷണത്തിന്റെ അവസ്ഥ എന്താണ്? സർക്കാർ അന്വേഷണത്തിന് സഹായം നൽകുന്നില്ലെന്ന് സി.ബി. ഐ.-യുടെ വക്കീൽ ഹൈക്കോടതിയോട് പരാതിപ്പെട്ടിരിക്കുന്നു. അന്വേഷണ ത്തിന് ആവശ്യമായ എല്ലാ സഹായവും സർക്കാർ ചെയ്തുകൊടുക്കണമെന്ന് ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. എന്നിട്ടാണ് സി.ബി.ഐ.-യ്ക്ക് വീണ്ടും

ഹൈക്കോടതിയെ സമീപിക്കേണ്ടിവന്നത്. സി.ബി.ഐ. അന്വേഷണവും സർക്കാർ അട്ടിമറിക്കുമെന്ന് എപ്പോഴേ പറയുന്നു. ഇത് മുഖ്യമന്ത്രിക്ക് അത്ര താൽപ്പര്യമുള്ള കേസാണ്. കഴിഞ്ഞദിവസം ഈ കേസ്സിൽപ്പെട്ട ഒരു ഡെപ്യൂട്ടി കളക്ടർ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യ എന്നെ വന്ന് കണ്ടിരുന്നു. മരണത്തിൽ ദുരൂഹതയുണ്ടെന്നാണ് അവർ പറയുന്നത്. ഇതിന് പുറകിൽ ആരാണ്? ഈ മരണവും സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണം. മുഖ്യമന്ത്രിക്കും മുഖ്യമന്ത്രിയുടെ ഓഫീസിനുമുള്ള അധികാരത്തിന്റെ എല്ലാ പിന്തുണയും പിൻബലത്തിലുമാണ് സലിം രാജിന് നിർബാധം ഭൂമി തട്ടിപ്പ് നടത്താൻ കഴിയുന്നത്. ഇതുസംബന്ധിച്ച വിശദമായ ചർച്ച മുഖ്യമന്ത്രിയേയും സർക്കാരിനേയും വല്ലാതെ വിഷമിപ്പിക്കുന്നുണ്ടെന്ന് അറിയാം. അതുകൊണ്ടല്ലേ ഈ ഗുരുതരമായ പ്രശ്നം ചർച്ച ചയ്യാൻ സർക്കാർ കൂട്ടാക്കാത്തത്. സർക്കാരിന്റെ ഈ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി ദിവാകരൻ: സർ, ഈ സഭയിൽ ഉന്നയിച്ചത് സലിം രാജുമായി ബന്ധപ്പെട്ട ഗുരുതരമായ കേസാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അപേക്ഷയുണ്ട്. ഈ അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള ഗുരുതരമായ പ്രശ്നം കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുമായി നേരിട്ട് ബന്ധമുള്ള ഒരു കേസാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. ഇത് അസാധാരണമായ കേസാണ്. സലിം രാജിനെ സംരക്ഷിക്കുന്നത്

കേരളത്തിലെ മുഖ്യമന്ത്രിയാണെന്നുള്ളത് അങ്ങേയ്ക്കേറ്റ ഏറ്റവും വലിയ അപമാനമാണ്. ആ അപമാനത്തിൽനിന്ന് അങ്ങ് പുറത്തുവരണം. ഒരു പോലീസുകാരൻ, ഈ രാജ്യത്തെ കോടതികൾപോലും അപലപിക്കുന്നു, സി.ബി.ഐ.-യുടെ മുന്നിൽപോകുന്നു. ആ സി.ബി.ഐ.-യുടെ ഇടപെടലു കളും അങ്ങേയ്ക്ക് എതിരാണ്. ഞങ്ങൾക്ക് അങ്ങയോട് വ്യക്തിപരമായ ഒരു വിരോധവുമില്ല. അങ്ങ് ഇതിനെ ലഘൂകരിക്കണം. ബ്രേക്കിംഗ് ന്യൂസ് വന്നു. ബ്രേക്കിംഗ് ന്യൂസ് കഴിഞ്ഞാൽ ബാക്കിയെല്ലാം അംഗീകരിച്ചോ; എന്തിനാണ് ആളുകളെ സംശയിക്കുന്നത്? വസ്തുതകളല്ലേ, കോടതിയല്ലേ, സി.ബി.ഐ. അല്ലേ. ഇന്നലെവരെ നിങ്ങളുടെ കയ്യിലിരുന്ന സി.ബി.ഐ. അല്ലേ. ഈ സി.ബി.ഐ.-യുടെ കേസ്സുകളുടെ ഭാവി എന്താണെന്ന് അറിയാമോ; എവിടെ പ്പോകുമെന്ന് അറിയാമോ? അതുകൊണ്ട് താങ്കൾ കൈകാര്യം ചെയ്യുന്ന ഗവൺമെന്റിന്റെ മെഷിനറി ഇതുപോലെയുള്ള കേസിൽ പരാജയപ്പെട്ടിരിക്കു കയാണ്. അങ്ങനെ പരാജയപ്പെട്ടതുകൊണ്ടാണ് സി.ബി.ഐ. രംഗത്തുവന്നത്. സി.ബി.ഐ.-യെ കൊണ്ടുവന്നത് പ്രതിപക്ഷമാണോ; സി.ബി.ഐ.-യെ കൊണ്ട് അന്വേഷണം നടത്തിയത് പ്രതിപക്ഷമാണോ; സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് പറഞ്ഞത് ഹൈക്കോടതിയല്ലേ; ആ ഹൈക്കോടതി പറയുന്നത് തെറ്റാണോ? ഇവിടത്തെ മെഷിനറി പരാജയപ്പെട്ടു. ഈ ഭൂമിത്തട്ടിപ്പ് കേസിന്റെ വസ്തുതകൾ പുറത്തുവരുന്നില്ല. പുറത്തുവരണ മെങ്കിൽ സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ ഇടപെടണം. അതിനെയെല്ലാം നിസ്സാരവൽക്കരിക്കുകയാണ്. ഇവിടെ നീതി നടപ്പിലാക്കാൻ ആളുണ്ടോ; നിയമ സമിതികളെ ബഹുമാനിക്കുന്നുണ്ടോ; നിങ്ങൾ ഹൈക്കോടതിയെ ബഹുമാനിക്കുന്നുണ്ടോ; നിങ്ങൾ സി.ബി.ഐ.-യെ ബഹുമാനിക്കുന്നുണ്ടോ. നിങ്ങൾ നിയമത്തെ ബഹുമാനിക്കുന്നുണ്ടോ? നിങ്ങൾ കേവലമായ,

സാങ്കേതിക ഭൂരിപക്ഷംവച്ച് ഏത് അടിയന്തര പ്രമേയം വന്നാലും നിഷേധിക്കുകയാണ് ചെയ്യുന്നത്.

ഇന്നുവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു അടിയന്തരപ്രമേയവും ചർച്ച ചെയ്യാൻ അനുവദിച്ചിട്ടില്ല. ഇത് ചർച്ച ചെയ്താൽ ഗവൺമെന്റിന് എന്താണ് കുഴപ്പം? അവിടെ വലിയ പരാക്രമങ്ങളെല്ലാം കാണിക്കുന്ന ആളുകൾ ഇത് ചർച്ച ചെയ്യണമായിരുന്നു. നിങ്ങൾക്ക് എല്ലാ പരാക്രമവും കാണിക്കുകയും എല്ലാ കാര്യങ്ങളും പറയുകയും ചെയ്യാം. ഞങ്ങൾ നിയമപരമായി നിയമസഭയിൽ ഉന്നയിച്ചിട്ടുള്ള വിഷയം സഭ ഒരു മണിക്കൂർ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളത് ന്യായമായ ഒരാവശ്യമാണ്. കൊലപാതകം എത്രയെണ്ണമായി? സനലിന്റെയും പ്രസന്നന്റെയും കൊലപാതകം നടന്നു. രണ്ട് കൊലപാതകങ്ങൾ ഇതിന്റെ പിന്നിലുണ്ട്. എന്തുകൊണ്ടാണ് ഗവൺമെന്റ് ഇതിനൊരു നടപടിക്ക് മുൻകൈ എടുക്കാത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ ചുറ്റും നിൽക്കുന്ന ആളുകൾ ഒപ്പിട്ട് കൊടുക്കുന്നതെല്ലാംതന്നെ അങ്ങേയ്ക്ക് എതിരായിട്ടുള്ള പാരകളാണ്. അങ്ങ് കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയല്ല, കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ആ മുഖ്യമന്ത്രിയെക്കുറിച്ചാണ് നിയമസഭയിൽ ഈ അടിയന്തര പ്രമേയം. ആത്മാഭിമാനമുണ്ടോ; നിയമത്തിന്റെ വിശ്വാസമുണ്ടോ? സി.ബി.ഐ. നിങ്ങളുടെ പുറകിൽ നിഴലായി നിൽക്കുകയാണ്. സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ കേരളത്തിലെ മുഖ്യമന്ത്രിക്കെതിരായി വിരൽ ചൂണ്ടിയ അപൂർവ്വങ്ങളിൽ അപൂർവ്വമായ സംഭവമാണ്. അപൂർവ്വമായ ഈ കൊലപാതകങ്ങൾ തെളിയിക്കണം. ഈ സംഭവങ്ങളറിയണം. റവന്യൂ വകുപ്പുമന്ത്രിയാണോ ഈ ഭൂമി തട്ടിപ്പിന്റെ പിന്നിലുള്ളതെന്ന് അന്വേഷിക്കണം. കളമശ്ശേരിയാണോ, കടകംപള്ളിയാണോ, മുഖ്യമ

ന്ത്രിയാണോ, സലീം രാജാണോ ഏത് മന്ത്രിയാണ്; ആരൊക്കെയാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അത് നിയമസഭയ്ക്ക് അറിയേണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്...

ശ്രീ. സി. ദിവാകരൻ : സർ, വീണ്ടും തട്ടിപ്പുകൾ വന്നിട്ടില്ലേ? അതിന് നിങ്ങൾ ബഹളം വച്ചിട്ട് എന്താണ് കാര്യം? ഈ വസ്തുതകളെല്ലാം നിങ്ങളെ വേട്ടയാടിക്കൊണ്ടേയിരിക്കും. പഴയതുപോലെ ഡൽഹിയിൽ പോയി രക്ഷപ്പെടാനും, സി.ബി.ഐ.-യെ കൈകാര്യം ചെയ്യാനും കഴിയില്ല. അതു കൊണ്ട് ഈ കേസ്സുകൾക്കെല്ലാം രേഖകളും തെളിവുകളുമുള്ളതാണ്. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച ഏതെങ്കിലും കാര്യത്തിന് മറുപടി പറയാൻ ഗവൺമെന്റിന് സാധിച്ചി ട്ടുണ്ടോ? അതിന് അദ്ദേഹം പറഞ്ഞത് ബ്രേക്കിംഗ് ന്യൂസിലാണ് വന്നതെ ന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. അഞ്ച് മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ: സർ, ഈ ബ്രേക്കിംഗ് ന്യൂസ് എങ്ങനെ വന്നു; എങ്ങനെ പ്രസന്നൻ കൊല്ലപ്പെട്ടു; എങ്ങനെ സനൽ കൊല്ലപ്പെട്ടു; എങ്ങനെ സലീരാജിന്റെ കാര്യം ഹൈക്കോടതിയിൽ വന്നു; എങ്ങനെ സി.ബി.ഐ. അന്വേഷണം ആരംഭിച്ചു? ഇതൊക്കെയാണ് നിയമസഭയിൽ ചർച്ച ചെയ്യേ ണ്ടത്. അത് ചർച്ച ചെയ്യാൻ അങ്ങ് അനുവദിക്കുന്നില്ല. ഈ കാര്യത്തിൽ ശക്തമായ പ്രതിഷേധമുണ്ട്. എത്രയോ അടിയന്തരപ്രമേയങ്ങൾ ചർച്ച ചെയ്യാതെ വരുമ്പോൾ എനിക്ക് ഇറങ്ങിപ്പോകേണ്ടിവന്നിട്ടുണ്ട്. സഭയിൽ ഇരി ക്കാൻവേണ്ടി വരുന്നതാണ്. പക്ഷേ, നിങ്ങൾ ഇരിക്കാൻ അനുവദിക്കില്ല.

അതി ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മാത്യു. റ്റി. തോമസ് : സർ, ഇവിടത്തെ പ്രശ്നം ബ്രേക്കിംഗ് ന്യൂസല്ല. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ ചേരിപോരിന്റെ വിഷയം ഉന്നയിച്ചപ്പോഴും പത്രവാർത്ത മാത്രമാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കേരളത്തിലെ മുഖ്യമന്ത്രി ഇപ്പോൾ സംസ്ഥാനത്തിലെ ജനങ്ങളോട് ആവശ്യപ്പെടുന്നത് പത്രങ്ങൾ വായിക്കരുത്, ടി.വി. കാണരുത് എന്നാണോ? ഈ സംസ്ഥാനത്തെ ജനായത്ത ഭരണസമ്പ്രദായം നിലനിറുത്തുന്നതിൽ മാധ്യമങ്ങൾ നൽകുന്ന പങ്ക് വളരെ വലുതാണ്. ഉറക്കമൊഴിച്ച് കണ്ണുതുറന്ന് അവർ ഇരുന്നിട്ടുകൂടി ഇത്രയും കാര്യങ്ങൾ നടക്കുകയാണ്. അതുകൂടി ഇല്ലാതിരുന്നെങ്കിൽ ഈ സംസ്ഥാനത്തെ അവസ്ഥ എന്തായിരുന്നു? മാധ്യമങ്ങൾ ഇന്നത്തെ ജനായത്ത ഭരണസമ്പ്രദായത്തിൽ സുതാര്യമായി കാര്യങ്ങൾ നടത്തുന്നതിൽ വലിയ പങ്ക് വഹിച്ചുകൊണ്ടിരിക്കുമ്പോൾ ഏത് വാർത്ത വരുമ്പോഴും മാധ്യമങ്ങളെ പഴിചാരി രക്ഷപ്പെടാനുള്ള ശ്രമം നല്ലതല്ല. ബ്രേക്കിംഗ് ന്യൂസെന്ന വിഷയം അവിടെ നിൽക്കട്ടെ, സി.ബി.ഐ. ഇങ്ങനെയൊരു പെറ്റിഷൻ കോടതിയിൽ കൊടുത്തു എന്ന കാര്യം മുഖ്യമന്ത്രിക്ക് നിഷേധിക്കാമോ? കടകംപള്ളി-കളമശ്ശേരി ഭൂമി തട്ടിപ്പുകേസ്സിൽ വേണ്ടത്ര സൗകര്യങ്ങൾ സർക്കാർ നൽകുന്നില്ല എന്നു പറഞ്ഞുകൊണ്ട് ഹൈക്കോടതിയിൽ സി.ബി.ഐ. ഒരു പെറ്റീഷൻ കൊടുത്തു എന്നത് നിഷേധിക്കുന്നില്ലല്ലോ?

എന്നാൽ പിന്നീടത് പിൻവലിച്ചു. അങ്ങനെ ഏതെങ്കിലുമൊരു കേസിൽ സർക്കാർ സഹായിക്കുന്നില്ല എന്നുപറഞ്ഞ് സി.ബി.ഐ. ഹൈക്കോടതിയിൽ പോയ ചരിത്രം കേരളത്തിലുണ്ടോ? ആ ചരിത്രം സമ്പാദിച്ചുകൊടുത്ത കേസെന്നു പറയുന്നത് കടകംപള്ളി കളമശ്ശേരി ഭൂമിതട്ടിപ്പ് കേസാണ്. മറ്റൊരു കേസിലും ഞങ്ങൾക്ക് സർക്കാർ സഹായം ചെയ്തു തരുന്നില്ല എന്ന പരാതി സി.ബി.ഐ. ഹൈക്കോടതിക്ക് കൊടുത്തിട്ടില്ല. എന്താണ് ഈ കേസിന്റെ പ്രത്യേകത? ഈ കേസിൽ മാത്രം സി.ബി.ഐ. അത്തരമൊരു പെറ്റീഷൻ കൊടുക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചതിന്റെ പിന്നിലുള്ള കാര്യങ്ങളെന്ത്; എന്നതാണ് ഈ നാട്ടിലെ ജനങ്ങളുടെ മുന്നിൽ ഉയർന്നിരിക്കുന്ന പ്രധാനപ്പെട്ട സംശയം. ശ്രീ. വി. ശിവൻകുട്ടി തണ്ടപ്പേരിൽ കരം കൊടുക്കണമെന്ന പ്രശ്നം ഉന്നയിച്ചു. തട്ടിപ്പിന് വിധേയരായ ആളുകൾക്ക് അവരുടെ ഭൂമി സംരക്ഷിക്കുവാൻ അനുകൂലമായ നിലപാട് സർക്കാർ എടുക്കാൻ വേണ്ടിയാണ് കരം സ്വീകരിക്കണമെന്നു പറയുന്നത്. തട്ടിപ്പു നടത്തിയവരുടെ കയ്യിൽനിന്ന് കരം വാങ്ങാതെ തട്ടിപ്പിന് വിധേയരായ ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥരിൽനിന്ന് കരം വാങ്ങാൻ നടപടി ഉണ്ടാകേണ്ടിടത്ത് വാങ്ങാൻ പാടില്ല എന്ന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം കൊടുത്തതാണ് പ്രശ്നം. ഇത് വിശദമായ ചർച്ചക്ക് വിധേയമാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു. റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ഇന്നിവിടെ ചർച്ച ചെയ്തത് സി.ബി.ഐ. നമ്മുടെ സർക്കാരിനെതിരെ കൊടുത്ത ഒരു പരാതിയെ സംബന്ധിച്ചാണ്. ഇവിടെ മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ സി.ബി.ഐ.-യെ പ്രതിക്കൂട്ടിൽ കയറ്റിയിരിക്കുകയാണ്. ഈ പരാതി എങ്ങനെവന്നു എന്നതിൽ ദുരൂഹതയുണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നത്തെക്കാൾ വളരെ ഗൗരവമുള്ള ഒരു കാര്യമാണിത്. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥന് പങ്കുണ്ടെന്ന് സംശയിക്കുന്ന കേസിൽ അങ്ങനെയൊരു ദുരൂഹത മുഖ്യമന്ത്രിക്ക് ആരോപിക്കേണ്ടിവന്നതും സി.ബി.ഐ.-ക്ക് ഗവൺമെന്റിനെക്കുറിച്ച് പരാതിപ്പെടേണ്ടിവന്നതും അസാധാരണമായ സാഹചര്യമാണ്. നമ്മുടെ നിയമസഭ ഇതിനുമുമ്പ് ഒരിക്കലും ഇങ്ങനെയൊരു ചർച്ചയ്ക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നിട്ടില്ല. അങ്ങനെവരുമ്പോൾ എന്തിനാണ് മുഖ്യമന്ത്രി സി.ബി.ഐ.-യെ പ്രതിക്കൂട്ടിൽ നിർത്തുന്നത്? എന്തിനാണ് സി.ബി.ഐ. ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തുന്നത്? ഈ പ്രശ്നങ്ങൾ നാം ചർച്ച ചെയ്യുകയും സംശയത്തിന്റെ നിഴലിൽനിന്ന് ഗവൺമെന്റ് രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുകയുമാണ് യഥാർത്ഥത്തിൽ വേണ്ടത്. അതിനുപകരം ആ ദുരൂഹത നിലനിന്നു കൊള്ളട്ടെ, ഞങ്ങൾക്കിതൊന്നും ബാധകമല്ല, എന്തു തരത്തിലുള്ള ആരോപണങ്ങളുണ്ടായാലും സ്വന്തക്കാരെ സംരക്ഷിക്കുന്ന നിലപാടുമായി മുന്നോട്ടുപോകും എന്ന അഹങ്കാരമാണ് മുഖ്യമന്ത്രിയെ നയിക്കുന്നത്. അതുകൊണ്ടാണ് ചർച്ചയ്ക്ക് തയ്യാറാകാതെ പോകുന്നത്. അത്തരമൊരു നിലപാട് നമുക്ക് ഭൂഷണമല്ല. ആ നിലാപടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം സഭയിൽ തിരിച്ചെത്തി.)